LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തെത്തുടർന്ന് സമാഹരിച്ച തുക

91 [1416] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തെ തുടർന്ന് ദുരിത ബാധിതരായ ജനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് എത്ര തുക ദുരിതാശ്വാസ ഫണ്ടായി സമാഹരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിൽ സഹകരണ സംഘങ്ങൾ നൽകിയ തുക എത്രയെന്നും ജീവനക്കാർ നൽകിയത് എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ തുക കൊണ്ട് സഹകരണ വകുപ്പ് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് എത്ര തുക സഹകരണ വകുപ്പ് സമാഹരിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമായി 3,96,20,195 രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ സഹകരണ സ്ഥാപനങ്ങളുടെ വിഹിതം 3,49,12,694 രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിഹിതം 47,07,501 രൂപയുമാണ്.

(ബി) സുനാമി ദുരിത ബാധിത പ്രദേശങ്ങളായ ആലപ്പുഴ, കൊല്ലം, ജില്ലകളിലെ തകർന്നുപോയ ആശുപത്രികളും ഹെൽത്തുസെന്ററുകളും പുനർനിർമ്മിക്കാനും ആശുപത്രി ഉപകരണങ്ങൾ വാങ്ങിനൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

(സി) സഹകരണ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നുമായി 8,20,073 രൂപ സമാഹരിച്ചു നൽകിയിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനത്തിന് നടപടി

92 [1417] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനത്തിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്;

(സി) അഴീക്കൽ തുറമുഖ വികസനത്തിന് ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വാർഫ് നീളം കൂട്ടൽ, ബ്രേക്ക് വാട്ടറിന്റെ നീളം കൂട്ടൽ, ക്രെയിൻ സ്ഥാപിക്കൽ എന്നീ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 637.46 ലക്ഷം രൂപ.

(ബി) ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

1. നിർമ്മാണ പ്രവർത്തനങ്ങൾ	–	555.05 ലക്ഷം രൂപ.
2. ഭരണ ചെലവുകൾ		
(എ) ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ	–	80.06 ലക്ഷം രൂപ
(ബി) മറ്റു ഭരണ ചെലവുകൾ	–	2.35 ലക്ഷം രൂപ.
ആകെ		**637.46 ലക്ഷം രൂപ**

(സി) & (ഡി) അഴീക്കൽ തുറമുഖ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ടു പ്രകാരം 3 ജനറൽ കാർഗോ ബർത്തും, 2 എണ്ണയും അനുബന്ധ ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ബർത്തും, ഒരു കണ്ടെയ്നർ ബർത്തും ഉദ്ദേശം 1318 കോടി രൂപ ചെലവിൽ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, 825 ലക്ഷം രൂപ ചെലവിൽ ഈ തുറമുഖത്ത് ഒരു കാർഗോ ബർത്ത് പണിയുന്നതിന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) വാർഫ് നീളം കൂട്ടുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പം ബ്രെക്ക് വാട്ടറിന്റെ നിർമ്മാണം പൂർത്തിയായി കൊണ്ടിരിക്കുന്നു. കൂടാതെ ഭൂമി പൊന്നിൻ വിലയ്ക്ക് ഏറ്റെടുക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നീ നിർമ്മാണ ജോലികൾക്കുള്ള നടപടി പുരോഗമിച്ചുവരുന്നു.

(എഫ്) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ എഗ്രിമെന്റ് ഒപ്പു വച്ച ശേഷമേ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് പറയാനാകൂ.

വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനം

93 [1418] *ശ്രീ.ഉമേഷ് ചള്ളിയിൽ:*

„ *എ. എൻ. രാജൻബാബു:*

„ *കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഗവൺമെന്റ് അടിയന്തിരമായി ചെയ്യുവാൻ പോകുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ടെൻഡർ ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly